**File No.DB4/16/2020-LSGD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മലപ്പുറം ജില്ലയിൽ ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിലുള്ള 6 മീറ്റർ വീതിയിൽ കൂടുതലുള്ള റോഡുകളുടെ പുനരുദ്ധാരണതതിന് ജില്ലാ പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റടക്കമുള്ള വിഹിതം ഉപയോഗിച്ച് റിപ്പയർ ചെയ്യാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.422/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/02/2020

---

പരാമർശം:- 1 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 02/12/2019, 20/01/2020 തീയതികളിലെ ഡിബി2-753/2013/ CE നമ്പർ കത്തുകൾ.

2 28/01/2020ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.31

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിലുള്ള 6 മീറ്റർ വീതിയിൽ കൂടുതലുള്ള റോഡുകളുടെ പുനരുദ്ധാരണതതിന് ജില്ലാ പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റടക്കമുള്ള വിഹിതം ഉപയോഗിച്ച് റിപ്പയർ ചെയ്യാൻ അനുമതി നൽകണമെന്ന ആവശ്യം പരാമർശം ഒന്ന് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി .

സർക്കാർ ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും കോഓർഡിനനേഷൻ കമ്മിറ്റിയിലെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ മുഴുവനും ആവശ്യമായ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ മേൽ ആവശ്യത്തിന്മേൽ അനുമതി നൽകി ഉത്തരവാകുന്നു. ഇങ്ങനെ റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സമ്മതപത്രം കൂടി വാങ്ങേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി/പ്രസിഡന്റ്, മലപ്പുറം ജില്ലാ പഞ്ചായത്ത്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മലപ്പുറം ജില്ല

**File No.DB4/16/2020-LSGD**

മലപ്പുറം ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ